പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1988 16.06.2014 ൽ മറുപടിക്ക്

## ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ

| | | | |
|---|---|---|---|
| ഡോ. ടി.എം. തോമസ് ഐസക്; | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| ചോദ്യം | | നൽകിയ മറുപടി | അന്തിമ മറുപടി |
| (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് ആസ്ഥാനത്തോട് ചേർന്ന് ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ അധികാരികളുടെ അനാസ്ഥയെ ത്തുടർന്ന് നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ആലപ്പുഴ ബോട്ട് ജെട്ടിയിൽ മൂന്ന് കടമുറികളും, യാത്രാക്കാരുടെ കാത്തിരിപ്പ് കേന്ദ്രവും വകുപ്പിനു വേണ്ടി ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 'KITCO' മുഖേന പണിതു നൽകിയിട്ടുള്ളതാണ്. ഇതിന് മുൻസിപ്പാലിറ്റിയുടെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. വകുപ്പിന് ലഭിച്ചതിനു ശേഷം മുൻസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നിതിലേക്കായി അപേക്ഷ സമർപ്പിച്ചപ്പോൾ, വിശദമായ സൈറ്റ് പ്ലാനും, കെട്ടിട പ്ലാനും ഇല്ല, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണം എന്നീ കാരണങ്ങളാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം മൂലമാണ് വകുപ്പിന് ടി കെട്ടിടം ഉപയോഗിക്കുവാൻ സാധിക്കാത്തത്. ഇതിനായി കിറ്റ്കോ തയ്യാറാക്കിയ ബിൽഡിങ്ങ് | ആലപ്പുഴ ബോട്ട് ജെട്ടിയിൽ മൂന്ന് കടമുറികളും, യാത്രാക്കാരുടെ കാത്തിരിപ്പ് കേന്ദ്രവും വകുപ്പിനു വേണ്ടി ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 'KITCO' മുഖേന പണിതു നൽകിയിട്ടുള്ളതാണ്. ഇതിന് മുൻസിപ്പാലിറ്റിയുടെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. വകുപ്പിന് ലഭിച്ചതിനു ശേഷം മുൻസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നിതിലേക്കായി അപേക്ഷ സമർപ്പിച്ചപ്പോൾ, വിശദമായ സൈറ്റ് പ്ലാനും, കെട്ടിട പ്ലാനും ഇല്ല, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണം എന്നീ കാരണങ്ങളാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം മൂലമാണ് വകുപ്പിന് ടി കെട്ടിടം ഉപയോഗിക്കുവാൻ സാധിക്കാത്തത്. ഇതിനായി കിറ്റ്കോ തയ്യാറാക്കിയ ബിൽഡിങ്ങ് പ്ലാൻ സമർപ്പിച്ചെങ്കിലും സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവ പ്രത്യേകം ആവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | പ്ലാൻ സമർപ്പിച്ചെങ്കിലും സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവ പ്രത്യേകം ആവശ്യപ്പെട്ട് അപേക്ഷ അംഗീകരിച്ചില്ല. വിശദമായ ഡ്രോയിംഗിനായി കിറ്റ്കോയെ വീണ്ടും സമീപിച്ചുവെങ്കിലും ഡ്രോയിംഗ് ആവരുടെ കൈവശമില്ലെന്നും അവർ വർക്ക് ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ഡ്രോയിംഗ് ആർക്കിടെക്ടിന്റെ കൈവശമേ കാണുകയുള്ളൂ എന്നുമാണ് അറിയിച്ചത്. ഡി.റ്റി.പി.സിയിൽ ബന്ധപ്പെട്ടിട്ടും ഇത് സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ല. കൂടാതെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും താലൂക്ക് സർവ്വെയറെ കൊണ്ട് സ്ഥലം സർവ്വേ ചെയ്ത് മാത്രമേ സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുള്ളൂ എന്നാണ് അറിയിച്ചത്. അതിനായി തഹസീൽദാർ, അമ്പലപ്പുഴക്ക് കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പ് ഇതിൽ അനാസ്ഥ കാണിച്ചിട്ടില്ല. നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. | അപേക്ഷ അംഗീകരിച്ചില്ല. വിശദമായ ഡ്രോയിംഗിനായി കിറ്റ്കോയെ വീണ്ടും സമീപിച്ചുവെങ്കിലും ഡ്രോയിംഗ് ആവരുടെ കൈവശമില്ലെന്നും അവർ വർക്ക് ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ഡ്രോയിംഗ് ആർക്കിടെക്ടിന്റെ കൈവശമേ കാണുകയുള്ളൂ എന്നുമാണ് അറിയിച്ചത്. ഡി.റ്റി.പി.സിയിൽ ബന്ധപ്പെട്ടിട്ടും ഇത് സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ല. കൂടാതെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും താലൂക്ക് സർവ്വെയറെ കൊണ്ട് സ്ഥലം സർവ്വേ ചെയ്ത് മാത്രമേ സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുള്ളൂ എന്നാണ് അറിയിച്ചത്. അതിനായി തഹസീൽദാർ, അമ്പലപ്പുഴക്ക് കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പ് ഇതിൽ അനാസ്ഥ കാണിച്ചിട്ടില്ല. നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങൾ എന്തിനു വേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നും ആയതിന് എത്ര തുകയായെന്നും ഇത് ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി ആരാണ് | വിവരം ശേഖരിച്ചു വരികയാണ്. | സംസ്ഥാന ജലഗതാഗ വകുപ്പിന്റെ യാത്രക്കാർക്കായുള്ള വിശ്രമത്തിനും സൗകര്യത്തിനുമായാണ് മൂന്ന് കടമുറികളും കാത്തിരുപ്പ് കേന്ദ്രവും നിർമ്മിച്ചിരിക്കുന്നത്. ഇത് ടൂറിസം വകുപ്പിന്റെ ഫണ്ട് ചെലവഴിച്ച് കിറ്റ്കോ |

| | | | |
|---|---|---|---|
| | നിർമ്മിച്ചതെന്നും അറിയിക്കുമോ; | | മുഖാന്തിരം നിർമ്മിച്ചവയാണ്. ഇതിനായി 1 കോടി 66 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (സി) | ജെട്ടിയിലും പരിസരങ്ങളിലുമായി എത്ര മുറികളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഈ മുറികൾ ആവശ്യപ്പെട്ട് ആരെങ്കിലും രേഖാമൂലം അപേക്ഷ തന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെയാണ് എന്നും ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും അറിയിക്കുമോ ; | മൂന്ന് കടമുറികളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഇതിന് ആരും രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. | മൂന്ന് കടമുറികളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഇതിന് ആരും രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. |
| (ഡി) | കെട്ടിടത്തിന്റെ കേടുപാടുകൾ പരിഹരിച്ച് തുടർന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ ? | കെട്ടിടത്തിന് കേടുപാടുകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. | കെട്ടിടത്തിന് കേടുപാടുകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ